**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4346** **28-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിലെ തിമിരി വില്ലേജിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 17.01.2020-ൽ 20.87 കോടി രൂപ ചെലവ് കണക്കാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. പയ്യന്നൂർ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ചെറുപുഴ 110 കെ.വി. സബ്സ്റ്റേഷനിലേക്ക് പോകുന്ന ലൈനിൽ നിന്നും 5.5 കിലോമീറ്റർ പുതിയ 110 കെ.വി. ലൈൻ വലിച്ച് 12.5 എം.വി.എ ശേഷിയുള്ള രണ്ട് 110/11 കെ.വി ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതാണ് നിർദ്ദിഷ്ട പദ്ധതി. ഇത് 2024-25 കാലയളവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതു സംബന്ധിച്ച പ്രാഥമിക പരിശോധനകളും അനുബന്ധ നടപടികളും നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ